പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3456 — 25.06.2012 ൽ മറുപടിക്ക്

## കടൽമാർഗ്ഗം സ്പിരിറ്റ് കടത്തും മനുഷ്യക്കടത്തും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ കടൽമാർഗ്ഗം വ്യാപകമായി സ്പിരിറ്റ് കടത്തും മനുഷ്യക്കടത്തും നടക്കുന്നുവെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (ബി) | കടൽമാർഗ്ഗം സ്പിരിറ്റ് കടത്ത്, മനുഷ്യക്കടത്ത് എന്നിവ തടയുന്നതിന് കോസ്റ്റൽ പട്രോളിംഗ്, ബോട്ട് പട്രോളിംഗ് എന്നിവ നടത്തുന്നുണ്ട്. ബീറ്റ് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് രഹസ്യമായി വിവരങ്ങൾ ശേഖരിച്ചുവരുന്നു. കടലോര ജാഗ്രതാ സമിതികളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ മനുഷ്യക്കടത്ത് തടയുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ തീരപ്രദേശങ്ങളിലും മറ്റും പതിവായി നിരീക്ഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ